പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3672 | 20/06/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്റർ കെട്ടിടം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി.എസ്. ശിവകുമാർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്റർ കെട്ടിടം 2016 -ൽ പണിപൂർത്തിയാക്കി കൈമാറിയിട്ടും ഇതുവരെ പ്രവർത്തന സജ്ജമാക്കാത്തത് എന്ത് കൊണ്ടാണ്. ; | എ) | തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിൽ എൻ.എച്ച്.എം നിർമ്മിച്ച പുതിയ ഓപ്പറേഷൻ തിയേറ്റർ സ്ഥിതിചെയ്യുന്നത് എം.സി.എച്ച് ബ്ലോക്കിലാണ്. ടി കെട്ടിടത്തിന്റെ പ്ലാനിൽ ഉദ്ദേശിച്ചിരുന്ന ചരിഞ്ഞ മേൽക്കൂരയ്ക്ക് പകരം നിരപ്പായ മേൽക്കൂര നിർമ്മിച്ചതിനാൽ ഹെരിറ്റേജ് കമ്മീഷന്റെ അനുമതി ലഭിക്കാത്തതിനെ തുടർന്ന് കോർപ്പറേഷൻ റ്റി.സി നിഷേധിക്കുകയും തുടർന്ന് അൺആതറൈസിഡ് നമ്പർ ആണ് ലഭിച്ചിട്ടുള്ളത്. ഇതു പ്രകാരം 2019 മെയ് മുതൽ മൈനർ ഓപ്പറേഷൻ നടത്തിവരുന്നുണ്ട്. ഓപ്പറേഷൻ തിയേറ്റർ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിന് തിയേറ്ററിന്റെ സ്ളാബുകൾ അധികമായ ഫാൻ സൗകര്യങ്ങൾ, സിങ്കുകൾ, സെന്റർ സ്റ്റെറിലൈസേഷൻ പ്ലാന്റിനായി ആട്ടോക്ലേവ് മിഷൻ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള ഇലക്ട്രിക്കൽ പ്ലംബിംഗ് വർക്ക് എന്നിവ ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള ടെണ്ടറുകൾ തിരുവനന്തപുരം കോർപ്പറേഷൻ പരിശോധിച്ചു വരുന്നു. പണികൾ തീരുന്നതോടുകൂടി മേജർ ഓപ്പറേഷനുകൾ നടത്താൻ തിയേറ്റർ സജ്ജമാകുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഓപ്പറേഷൻ തീയേറ്റർ പ്രവർത്തന സജ്ജമാക്കുന്നതിന് തടസ്സമായത് അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടായ അനാസ്ഥയാണെന്ന മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | അടിയന്തിരമായി പ്രസ്തുത ഓപ്പറേഷൻ തീയേറ്റർ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ഈ ആശുപത്രിയിലെ എം.സി.എച്ച് ബ്ലോക്കിൽ സെൻട്രലൈസ്ഡ് ഓക്സിജൻ ലൈനിൽ ലീക്ക് ഉണ്ടായതിനാൽ ഓക്സിജൻ പ്ലാന്റ് പ്രവർത്തിക്കുന്നില്ല. പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുന്നതിനും ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ